## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2894** **14-02-2024 - ൽ മറുപടിയ്ക്ക്**

## പിറവം നിയോജക മണ്ഡലത്തിലെ അംബേദ്കർ വികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിറവം നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗം ഉണ്ട്. അവസാനമായി 19.01.2024 ന് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ അദ്ധ്യക്ഷതയിൽ കോളനി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി യോഗം ചേർന്നിട്ടുണ്ട്. |
| (ബി) | ഏതെല്ലാം കോളനികളിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്; ലിസ്റ്റ് ലഭ്യമാക്കാമോ; | (ബി) | പുളിക്കമാലി കോളനി-(2016-17)<br>കീഴ്മുറി കോളനി- (2016-17)<br>കുറ്റത്തിനാൽ കോളനി- (2019-20)<br>അയ്യന്താനം കോളനി-(2020-21)<br>കുന്നത്തുമറ്റം കോളനി- (2021-22)<br>കെ.ആർ.നാരായണൻ കോളനി- (2021-22)<br>പൂത്തോട്ട കമ്പിവേലിയ്ക്കകം കോളനി- (2021-22)<br>എം.എൽ.എ.കോളനി-(2023-24) |
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്കീമിൽ വിവിധ കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (സി) | ടി പ്രദേശത്തെ ഇരുപതോളം കുടുംബങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കുഞ്ഞപ്പൻ എം.പി (കോളനി നിവാസി) മുതൽ പേർ പരാതി സമർപ്പിച്ചിരുന്നു. എന്നാൽ ടി കുടുംബങ്ങളൊന്നും കുന്നത്തുമറ്റം കോളനിക്കുള്ളിൽ അല്ല എന്നതിനാൽ നിലവിൽ പദ്ധതിയിൽ ഉൾപെടുത്താൻ സാധിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | പരാതിയിൽ പരാമർശിച്ചിട്ടുള്ള ഇരുപത് കുടുംബങ്ങൾ കോളനികുള്ളിൽ അല്ല എന്നതിനാൽ നിലവിൽ പദ്ധതിയിൽ ഉൾപെടുത്താൻ സാധിച്ചിട്ടില്ല. എന്നാൽ അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയം മോണിറ്ററിങ് കമ്മിറ്റിയിൽ ചർച്ച ചെയ്തു |

| | | | |
|---|---|---|---|
| | | | തീരുമാനം എടുക്കുന്നതിനു ജില്ലാ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ